66

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ക്രിമിനൽ നിയമഭേദഗതി ആക്റ്റ്, 1952

## (1952-ലെ 46-ാം നമ്പർ ആക്റ്റ്)

(1952 ജൂലൈ 28-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില :

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ക്രിമിനൽ നിയമഭേദഗതി ആക്റ്റ്, 1952

(1952-ലെ 46-ാം നമ്പർ ആക്റ്റ്)

(1952 ജൂലൈ 28-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

© കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ക്രിമിനൽ നിയമ ഭേദഗതി ആക്ട്, 1952

(1952-ലെ 46-ാം നമ്പർ)

ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയും ക്രിമിനൽ നടപടി നിയമ സംഹിത, 1898—ം കൂടുതലായി ഭേദഗതി ചെയ്യുന്നതിനും ചില കുററങ്ങളുടെ കൂടുതൽ വേഗത്തിലുള്ള വിചാരണയ്ക്ക് വ്യവസ്ഥ ചെയ്യുന്നതിനും ഉള്ള ആക്ററ്.

(1952 ജൂലൈ, 28)

പാർലമെൻററ് താഴെപറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:

1. ചുരുക്കപ്പേര്.—ഈ ആക്ററിന് ക്രിമിനൽ നിയമ ഭേദഗതി ആക്ററ്, 1952 എന്ന് പേര് പറയാവുന്നതാണ്.

2. [1860-ലെ 45-ാം ആക്ററ് 165-ാം വകുപ്പിൻെറ ഭേദഗതി] റദ്ദാക്കലും ഭേദഗതിയും ആക്ററ്, 1957 (1957-ലെ 36) 2-ാം വകുപ്പിനാലും 1-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.

3. [1860-ലെ 45-ാം ആക്ററിൽ പുതിയ വകുപ്പ് 165-ക, യുടെ ചേർക്കൽ] 2-ാം വകുപ്പിനാലും 1-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.

4. [1898-ലെ 5-ാം ആക്ററ് വകുപ്പ് 164-ൻെറ ഭേദഗതി] 2-ാം വകുപ്പിനാലും 1-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.

5. [1898 ലെ 5-ാം ആക്ററ് 337-ാം വകുപ്പിൻെറ ഭേദഗതി] 2-ാം വകുപ്പിനാലും 1-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.

6. പ്രത്യേക ജഡ്ജിമാരെ നിയമിക്കാനുള്ള അധികാരം.—(1)സ്റേററ്റ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന പ്രദേശത്തേയ്ക്കോ പ്രദേശങ്ങൾക്കോ ആവശ്യമാകുന്നത്ര പ്രത്യേക ജഡ്ജിമാരെ, താഴെപറയുന്ന, അതായത്:—

(ക) ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) 161-ാം വകുപ്പിനോ 162-ാം വകുപ്പിനോ 163-ാം വകുപ്പിനോ 164-ാം വകുപ്പിനോ 165-ാം വകുപ്പിനോ 165 ക വകുപ്പിനോ അല്ലെങ്കിൽ അഴിമതി നിവാരണ ആക്ററ്, 1947 (1947-ലെ 2) 5-ാം വകുപ്പ് 2-ാം ഉപവകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം;

(ഖ) (ക) ഖണ്ഡത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും കുററം ചെയ്യാനുള്ള ഏതെങ്കിലും ഗൂഢാലോചനയോ ശ്രമമോ പ്രേരണ നല്കലോ, എന്നീ കുററങ്ങൾ വിചാരണ ചെയ്യാനായി നിയമിക്കാവുന്നതാണ്.

(2) ഒരാൾ, ക്രിമിനൽ നടപടി നിയമ സംഹിത, 1898 (1898-ലെ 5)-ൻ കീഴിൽ സെഷൻസ് ജഡ്ജിയോ അഡീഷണൽ സെഷൻസ് ജഡ്ജിയോ അസിസ്ററൻറ് സെഷൻസ് ജഡ്ജിയോ ആയിരിക്കുകയോ, ആയിരുന്നിരിക്കുകയോ ചെയ്യാത്തപക്ഷം, ഈ ആക്ററിൻ കീഴിൽ പ്രത്യേക ജഡ്ജിയായുള്ള നിയമനത്തിന് യോഗ്യനായിരിക്കുന്നതല്ല.

7. പ്രത്യേക ജഡ്ജിമാരാൽ വിചാരണ ചെയ്യപ്പെടേണ്ട കേസുകൾ.—(1) ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5) -ലോ മറേറതെങ്കിലും നിയമത്തിലോഎന്തുതന്നെ അടങ്ങിയിരുന്നാലും, 6-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന കുററങ്ങൾ പ്രത്യേക ജഡ്ജിമാരാൽ മാത്രം വിചാരണ ചെയ്യപ്പെടേണ്ടതാകുന്നു.

(2) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന ഏതൊരു
കുററവും, അത് ചെയ്യപ്പെട്ട പ്രദേശത്തേക്കുള്ള പ്രത്യേക ജഡ്ജിയാലോ,
അങ്ങനെയുള്ള പ്രദേശത്തേയ്ക്ക് ഒന്നിലധികം പ്രത്യേക ജഡ്ജിമാരുള്ളിടത്ത്
അവരിൽ സ്റേററ്ഗവൺമെൻറ് ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന ഒരാ
ളാലോ വിചാരണ ചെയ്യപ്പെടേണ്ടതാകുന്നു.

(3) ഒരു പ്രത്യേക ജഡ്ജിയ്ക്ക് ഏതെങ്കിലും കേസ് വിചാരണ ചെയ്യു
മ്പോൾ, 6-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന കുററമല്ലാത്തതും, ക്രിമിനൽ
നടപടി നിയമസംഹിത, 1898 (1898-ലെ 5)-ൻ കീഴിൽ, അതേ വിചാരണയിൽ
പ്രതി ചാർജ്ജ് ചെയ്യപ്പെടാവുന്നതുമായ ഏതെങ്കിലും കുററവും വിചാരണ
ചെയ്യാവുന്നതാണ്.

8. <u>പ്രത്യേക ജഡ്ജിമാരുടെ . നടപടിക്രമവും അധികാരങ്ങളും.</u>—(1)
പ്രത്യേക ജഡ്ജിക്ക്, പ്രതിയെ വിചാരണയ്ക്കായി തനിക്ക് കമ്മിററ് ചെയ്യപ്പെ
ടാതെ തന്നെ കുററങ്ങൾ നടപടിക്കെടുക്കാവുന്നതും, കുററാരോപണം ചെയ്യപ്പെട്ട
ആളുകളെ വിചാരണ ചെയ്യുന്നതിൽ, അദ്ദേഹം വാറണ്ട് കേസുകൾ മജിസ്ട്രേ
ററുമാർ വിചാരണ ചെയ്യുന്നതിന് ക്രിമിനൽ നടപടി നിയമസംഹിത, 1898
(1898-ലെ 5)-ൽ നിർണ്ണയിക്കപ്പെടുന്ന നടപടിക്രമം അനുവർത്തിക്കേണ്ടതും
ആകുന്നു.

(2) പ്രത്യേക ജഡ്ജിക്ക്, കുററവുമായി നേരിട്ടോ അല്ലാതെയോ ബന്ധ
പ്പെട്ടിരിക്കുകയോ, അതിന് അരുനില്ക്കുകയോ ചെയ്തിരുന്നതായി സങ്കല്പി
ക്കപ്പെടുന്ന ഏതെങ്കിലും ആളുടെ തെളിവ് ലഭിക്കാനുള്ള ലക്ഷ്യത്തോടു
കൂടെ, അങ്ങനെയുള്ള ആൾക്ക് ആ കുററം സംബന്ധിച്ചും, അതു ചെയ്യുന്നതിൽ
കർത്താവെന്ന നിലയിലും, പ്രേരകനെന്ന നിലയിലും ബന്ധപ്പെട്ട മറേറതൊരാ
ളേയും സംബന്ധിച്ചും അയാളുടെ അറിവിൽപ്പെടുന്ന മുഴുവൻ
പരിതഃസ്ഥിതികളും പൂർണ്ണമായും സത്യമായും അയാൾ വെളിപ്പെടുത്തുമെന്ന
ഉപാധിയിന്മേൽ മാപ്പു ടെൻഡർ ചെയ്യാവുന്നതും, അപ്രകാരം ടെൻഡർ ചെയ്യ
പ്പെട്ട ഏതെങ്കിലും മാപ്പ്, ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)
339-ം, 339 കയും വകുപ്പുകളുടെ ആവശ്യങ്ങൾക്ക്, ആ നിയമസംഹിത
യുടെ 338—ാം വകുപ്പിൻകീഴിൽ ടെൻഡർ ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതു
മാകുന്നു.

(3) (1)-ാം ഉപവകുപ്പോ, (2)—ാം ഉപവകുപ്പോ വ്യവസ്ഥ ചെയ്ത വിധ
മൊഴികെ, ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898—ലെ 5)-ലെ
വ്യവസ്ഥകൾ, അവ ഈ ആക്ററിന് അസംഗതമല്ലാത്തിടത്തോളം, പ്രത്യേക
ജഡ്ജിയുടെ മുമ്പാകെയുള്ള നടപടികൾക്ക് ബാധകമാകുന്നതും, മുൻപറഞ്ഞ
വ്യവസ്ഥകളുടെ ആവശ്യങ്ങൾക്ക് പ്രത്യേക ജഡ്ജിയുടെ കോടതി, ജൂറിയെ
കൂടാതെയോ അസസ്സർമാരുടെ സഹായം കൂടാതെയോ കേസുകൾ വിചാരണ
ചെയ്യുന്ന സെഷൻസു കോടതിയായി കരുതപ്പെടുന്നതും, പ്രത്യേക ജഡ്ജിയുടെ
മുമ്പാകെ പ്രാസിക്യൂഷൻ നടത്തുന്ന ആൾ, പബ്ലിക് പ്രാസിക്യൂട്ടറായി കരു
തപ്പെടുന്നതുമാകുന്നു.

(3 ക) പ്രത്യേകിച്ചും, (3-ാം) ഉപവകുപ്പിൽ അടങ്ങിയ വ്യവസ്ഥക
ളുടെ സാമാന്യതയ്ക്ക് ഭംഗംവരാതേയും, ക്രിമിനൽ നടപടി നിയമസംഹിത,
1898 (1898-ലെ 5)-ലെ 350-ാം വകുപ്പിലെ വ്യവസ്ഥകൾ, ആകാവുന്നത്ര
പ്രത്യേക ജഡ്ജിയുടെ മുമ്പാകെയുള്ള നടപടികൾക്ക് ബാധകമാകുന്നതും
മുൻപറഞ്ഞ വ്യവസ്ഥകളുടെ ആവശ്യങ്ങൾക്ക് പ്രത്യേക ജഡ്ജി മജിസ്ട്രേ
ററായി കരുതപ്പെടുന്നതും ആകുന്നു.

(4) പ്രത്യേക ജഡ്ജിക്ക്, താൻ കുററസ്ഥാപനം ചെയ്യുന്ന ഏതെങ്കിലും ആളുടെ മേൽ, അയാൾ കുററസ്ഥാപനം ചെയ്യപ്പെട്ട കുററത്തിനുള്ള ശിക്ഷയ്ക്കു നിയമം പ്രാധികാരം നല്കുന്ന ഏതു ശിക്ഷാവിധിയും പാസ്സാക്കാവുന്നതാണ്.

8 ക. സമ്മറിയായി വിചാരണം ചെയ്യാനുള്ള അധികാരം.—ഒരു പ്രത്യേക ജഡ്ജി, അവശ്യ സാധനങ്ങൾ ആക്ററ്, 1955 (1955-ലെ 10) 12 ക വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും പ്രത്യേക ഉത്തരവിൻേയോ അല്ലെങ്കിൽ ആ വകുപ്പു (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൽ പരാമർശിച്ച ഒരു ഉത്തരവിൻേറയോ ഉല്ലംഘനം സംബന്ധിച്ച് ഒരു പബ്ലിക് സർവൻറ് ചെയ്തതായി പറയപ്പെടുന്നതും 6-ാം വകുപ്പു (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്നതുമായ ഏതെങ്കിലും കുററം വിചാരണ ചെയ്യുന്നിടത്ത്, ഈ ആക്ററിലെ (1)-ാം ഉപവകുപ്പിലോ ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898 ലെ 5)-ലെ 260-ാം വകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രത്യേക ജഡ്ജി ആ കുററം സമ്മറി സംപ്രദായത്തിൽ വിചാരണ ചെയ്യേണ്ടതും, ആ നിയമസംഹിതയിലെ 262 മുതൽ 265 വരെ (രണ്ടും ഉൾപ്പെടെ) യുള്ള വകുപ്പുകളിലെ വ്യവസ്ഥകൾ, ആകാവുന്നത്ര, അങ്ങനെയുള്ള വിചാരണയ്ക്കു ബാധകമാകുന്നതും ആകുന്നു :

എന്നാൽ, ഈ വകുപ്പിൻകീഴിലുള്ള ഒരു സമ്മറി വിചാരണയിലെ ഏതെങ്കിലും കുററസ്ഥാപനത്തിൻെറ സംഗതിയിൽ, പ്രത്യേക ജഡ്ജി ഒരു വർഷത്തിൽ കവിയാത്ത കാലത്തെ തടവിനുള്ള ശിക്ഷാവിധി പാസ്സാക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ് :

എന്നു മാത്രമല്ല, ഈ വകുപ്പിൻകീഴിലെ ഒരു സമ്മറി വിചാരണയുടെ പ്രാരംഭത്തിലോ ഇടയിലോ, കേസ്സിൻെറ പ്രകൃതം, ഒരു വർഷത്തിൽ കവിഞ്ഞ കാലത്തെ തടവിനുള്ള ശിക്ഷാവിധി പാസാക്കേണ്ടതായി വന്നേക്കാമെന്നുള്ളതാണെന്നോ, അല്ലെങ്കിൽ മറേറതെങ്കിലും കാരണത്താൽ കേസ് സമ്മറിയായി വിചാരണചെയ്യുന്നത് അനാശാസ്യമാണെന്നോ പ്രത്യേക ജഡ്ജിക്ക് തോന്നുമ്പോൾ, അദ്ദേഹം കക്ഷികൾക്ക് പറയാനുള്ളത് കേട്ടതിനുശേഷം, ആ അർത്ഥത്തിലുള്ള ഒരു ഉത്തരവ് റിക്കാർഡാക്കുകയും അതിനുശേഷം വിസ്തരിച്ചു കഴിഞ്ഞിരിക്കാവുന്ന ഏതെങ്കിലും സാക്ഷിയെ തിരിയെ വിളിക്കുകയും കേസ് വാറണ്ടു കേസുകളുടെ മജിസ്ട്രേററുമാരാലുള്ള വിചാരണക്ക് മുൻപറഞ്ഞ നിയമസംഹിത നിർണ്ണയിക്കുന്ന നടപടിക്രമം അനുസരിച്ച് കേൾക്കുകയോ വീണ്ടും കേൾക്കുകയോ ചെയ്യാനുള്ള നടപടി തുടരുകയും ചെയ്യേണ്ടതാകുന്നു :

(2) ഈ ആക്ററിലോ ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ലോ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പിൻ കീഴിൽ സമ്മറിയായി വിചാരണചെയ്യപ്പെടുന്നതും പ്രത്യേക ജഡ്ജി ഒരു മാസത്തിൽ കവിയാത്ത തടവിനും രണ്ടായിരം രൂപയിൽ കവിയാത്ത പിഴയ്ക്കും ഉള്ള ശിക്ഷാവിധി പാസ്സാക്കുന്നതുമായ ഏതെങ്കിലും കേസിൽ അങ്ങനെയുള്ള ശിക്ഷാവിധിക്കുപുറമെ മുൻപറഞ്ഞ നിയമസംഹിതയിലെ 517-ാം വകുപ്പിൻകീഴിലുള്ള ഒരുത്തരവ് ചെയ്താലും ഇല്ലെങ്കിലും കുററസ്ഥാപനം ചെയ്യപ്പെട്ട ആൾക്ക് അപ്പീൽ ഉണ്ടായിരിക്കുന്നതല്ലാത്തതും, എന്നാൽ പ്രത്യേക ജഡ്ജി മുൻപറഞ്ഞ പരിധികളിലും കവിഞ്ഞുള്ള ഏതെങ്കിലും ശിക്ഷാവിധി പാസ്സാക്കുന്നിടത്ത്, അപ്പീൽ ഉണ്ടായിരിക്കുന്നതും ആകുന്നു.

(3) അവശ്യസാധനങ്ങൾ ആക്ററ്, 1955 (1955-ലെ 10) 12ക വകുപ്പ് (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൽ പരാമർശിച്ചതും [ആ വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഒരു പ്രത്യേക ഉത്തരവല്ലാത്തതുമായ] ഒരു ഉത്തരവിൻെറ ഉല്ലംഘനം സംബന്ധിച്ചതും അവശ്യസാധനങ്ങൾ (ഭേദഗതി) ആക്ററ്, 1974-ൻെറ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഒരു മജിസ്ട്രേററിൻെറ

മുമ്പാകെ നിലവിലിരിക്കുന്നതുമായ എല്ലാ കേസുകളും, ഒരു പ്രത്യേക ഉത്തരവ് സംബന്ധിച്ച് മുൻപറഞ്ഞ 12 ക വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ ഏതെങ്കിലും വിജ്ഞാപനം പുറപ്പെടുവിക്കുന്നിടത്ത്, അങ്ങനെയുള്ള പ്രത്യേക ഉത്തരവ് സംബന്ധിച്ച് ഈ വകുപ്പിൻ കീഴിൽ സമ്മറിയായി വിചാരണ ചെയ്യാവുന്നതും, അങ്ങനെയുള്ള വിജ്ഞാപനം പുറപ്പെടുവിച്ച തീയതിക്ക് തൊട്ടു മുൻപ് ഒരു മജിസ്ട്രേററിൻെറ മുമ്പാകെ നിലവിലിരിക്കുന്നതുമായ എല്ലാ കേസുകളും, അതതു സംഗതിപോലെ, അങ്ങനെയുള്ള പ്രാരംഭത്തിനോ മുൻപറഞ്ഞ തീയതിക്കോ മുമ്പായി യാതൊരു സാക്ഷിയേയും വിസ്തരിച്ചിട്ടില്ലെങ്കിൽ, പ്രത്യേക ജഡ്ജി ഈ വകുപ്പിൻ കീഴിൽ സമ്മറി സമ്പ്രദായത്തിൽ വിചാരണ ചെയ്യേണ്ടതാകുന്നു.

9. <u>അപ്പീലും റിവിഷനും.</u>—ഹൈക്കോടതിക്ക്, ക്രിമിനൽ നടപടി നിയമ സംഹിത, 1898 (1898-ലെ 5) XXXI-ം XXXII-ം അദ്ധ്യായങ്ങൾ ഹൈക്കോടതിക്ക് നല്കുന്ന എല്ലാ അധികാരങ്ങളും, അവ ബാധകമാവുന്നിടത്തോളം, പ്രത്യേക ജഡ്ജിയുടെ കോടതി ആ ഹൈക്കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിൽ ജൂറിയെകൂടാതെ കേസുകൾ വിചാരണ ചെയ്യുന്ന സെഷൻസ് കോടതി ആയിരുന്നാലെന്നപോലെ, പ്രയോഗിക്കാവുന്നതാണ്.

10. <u>നിലവിലിരിക്കുന്ന ചില കേസുകൾ മാററുന്നത്.</u>—7-ാം വകുപ്പിൻ കീഴിൽ പ്രത്യേക ജഡ്ജിയാൽ വിചാരണ ചെയ്യപ്പെടേണ്ടതും, ഈ ആക്ററിൻെറ പ്രാരംഭത്തിനു തൊട്ടുമുൻപ് ഏതെങ്കിലും മജിസ്ട്രേററിൻെറ മുൻപാകെ നിലവിലിരുന്നതുമായ എല്ലാ കേസുകളും, അങ്ങനെയുള്ള പ്രാരംഭത്തിൽ, അങ്ങനെയുള്ള കേസുകളുടെമേൽ, അധികാരിതയുള്ള പ്രത്യേക ജഡ്ജക്ക് വിചാരണക്കായി അയക്കേണ്ടതാകുന്നു.

11. <u>കരസേനാ, നാവികസേനാ, വ്യോമസേനാ നിയമങ്ങൾ ബാധിക്കപ്പെടുകയില്ലെന്ന്.</u>—(1) ഈ ആക്ററിലെ യാതൊന്നും, ഏതെങ്കിലും കരസേനാ നിയമത്തിനോ നാവികസേനാ നിയമത്തിനോ വ്യോമസേനാ നിയമത്തിനോ കീഴിൽ ഏതെങ്കിലും കോടതിയ്ക്കോ മററു അധികാര സ്ഥാനത്തിന്നോ പ്രയോഗിക്കാവുന്ന അധികാരിതയേയോ അല്ലെങ്കിൽ അങ്ങനെയുള്ള കോടതിയ്ക്കോ അധികാര സ്ഥാനത്തിനോ ബാധകമായ നടപടിക്രമത്തേയോ ബാധിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചതു പോലെയുള്ള ഏതെങ്കിലും നിയമത്തിൻെറ ആവശ്യങ്ങൾക്ക്, പ്രത്യേക ജഡ്ജിയുടെ കോടതി സാധാരണ ക്രിമിനൽ നീതിന്യായക്കോടതിയായി കരുതപ്പെടുന്നതാണെന്ന്, സംശയങ്ങൾ നീക്കുന്നതിന്നായി, ഇതിനാൽ പ്രഖ്യാപിക്കുന്നു.

---